റബ്ബറിന്റെ വിലയിടിവ്

170 (1586) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; റബ്ബർ കർഷകരുടെ ദുരിതം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. റബ്ബർ കർഷകരുടെ ദുരിതം പരിഹരിക്കാനായി റബ്ബർ സംഭരണം നടപ്പാക്കിയതുമൂലം റബ്ബർ വിലയിൽ നിലവിലുണ്ടായിരുന്ന വില ഒരു പരിധിവരെ താഴ്ന്നുപോകാതെ പിടിച്ചു നിർത്താനും സാധിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി, തീയതി 25-2-2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികൾ എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ ലക്ഷ്യമിട്ട 10000 ടൺ റബ്ബർ സംഭരിക്കുന്നതിന് സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യ ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ ഇക കണ്ടെത്തുകയും കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബറിന്റെ വിപണിവില കിലോഗ്രാമിന് 171 രൂപയാകുന്നതുവരെ സംഭരണം തുടരുന്നതാണ്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി അർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ.(എം.എസ്.) നമ്പർ 232/2014/കൃഷി, തീയതി 13-10-2014 പ്രകാരം അർ.എസ്.എസ്.5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽനിന്ന് സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ.(എം.എസ്.) നമ്പർ 254/2014/കൃഷി, തീയതി 6-11-2014 പ്രകാരം കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി RSS 4, RSS 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ. (എംഎസ്.) നമ്പർ 176/2014/കൃഷി, തീയതി 16-8-2014 പ്രകാരം 10 കോടി രൂപ വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം അധികമായി അനുവദിച്ചതിൽനിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും അനുവദിച്ചു നൽകുകയും റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ 11-3-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 41/2015/കൃഷി പ്രകാരം 2 കോടി രൂപ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനും അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്വാഭാവിക റബ്ബറിനും സ്വാഭാവിക റബ്ബറിന്റെ മറ്റ് രൂപങ്ങൾക്കും നിലവിലുണ്ടായിരുന്ന 5 ശതമാനം വാങ്ങൽ നികുതി 20-12-2014 മുതൽ 31-3-2015 വരെ ഒഴിവാക്കിക്കൊണ്ട് 20-12-2014-ൽ വിജ്ഞാപനവും (എസ്.ആർ.ഒ. നമ്പർ 796/2014) തുടർന്ന് പ്രസ്തുത സ്കീമിന്റെ നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് 22-12-2014-ൽ സ.ഉ.(പി) നമ്പർ 207/2014/നികുതി സർക്കാർ ഉത്തരവും ആയതിൽ ചില മാറ്റങ്ങൾ വരുത്തി 21-1-2015-ലെ സ.ഉ.(പി) നമ്പർ 16/2015/നികുതി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

വിത്തുതേങ്ങ നഴ്സറി

171 (1587) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ വിത്തുതേങ്ങ നഴ്സറി ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

നടപടികൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly